(ഇ) ഉണ്ട്. ജനങ്ങൾക്ക് ഉത്തമവും കാര്യക്ഷമവുമായി പരമാവധി സേവനങ്ങൾ ലഭ്യമാക്കുന്നതിന് അക്ഷയ സംരംഭകരെ സന്നദ്ധരാക്കുന്നതിന് 'പാഠശാല' എന്നൊരു പരിശീലന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

അട്ടപ്പാടി പാക്കേജ്

279 (2517) ശ്രീ. എ. കെ. ബാലൻ :
ശ്രീ. എം. ഹംസ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടി പാക്കേജിന്റെ ഭാഗമായി പരമ്പരാഗത കാർഷിക വികസനത്തിന് അനുവദിച്ച തുകയിൽ ഭൂരിഭാഗവും ഇടനിലക്കാർ തട്ടിയെടുത്തതായ വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ;

(സി) ആദിവാസി മേഖലയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിക്കുന്ന പദ്ധതികളിലെ തുകകൾ ഇടനിലക്കാരും ഉദ്യോഗസ്ഥരും തട്ടിയെടുക്കുന്നതായും ഇതുമൂലം ആദിവാസികൾക്ക് ദുരിതത്തിൽ നിന്നും കരകയറാൻ സാധിക്കുന്നില്ലെന്നുമുള്ള വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രാക്തന ഗോത്ര വിഭാഗങ്ങൾക്കുള്ള പാക്കേജുടക്കം പല പദ്ധതികളും പ്രഖ്യാപനത്തിൽ മാത്രം ഒതുങ്ങുന്നു എന്ന പരാതിയിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സംസ്ഥാനത്തെ പ്രത്യേക ദുർബല ഗോത്ര വർഗ്ഗ വിഭാഗക്കാർക്ക് വേണ്ടി സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ ക്ഷേമ പദ്ധതികൾ കാര്യക്ഷമമായിത്തന്നെ നടന്നുവരുന്നുണ്ട്. ഇക്കാര്യത്തിൽ പ്രഖ്യാപനത്തിൽ മാത്രം ഒതുങ്ങുന്നുവെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly